വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന പദ്ധതിയായ "ആലില", ജൈവ പച്ചക്കറികൃഷി ലക്ഷ്യമാക്കിക്കൊണ്ടുള്ള "സുവർണ്ണകേരളം" പദ്ധതി, സഹകരണ സ്ഥാപനങ്ങളിൽ മഴവെള്ള സംഭരണികൾ നിർമ്മിക്കുക എന്നിവ ഇവയിൽ ഉൾപ്പെടുന്നു.

ആദിവാസി മേഖലയിലെ പദ്ധതി വിഹിതം

24 (*354) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. കഞ്ഞമ്മത് മാസ്റ്റർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ അനുവദിക്കുന്ന പദ്ധതികൾക്കുള്ള പണം വക മാറ്റി ചെലവഴിക്കുന്ന സാഹചര്യം ഉണ്ടാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആദിവാസി മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾക്കായി അനുവദിക്കുന്ന പണം പദ്ധതി നടപ്പിലാക്കുന്നതിൽ വരുന്ന വീഴ്ച കാരണം ലാപ്സാവുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നുണ്ടോ; വിശദമാക്കാമോ;

(സി) ആദിവാസികൾക്ക് അനുവദിക്കുന്ന പദ്ധതികളുടെ തുക പോലും അതത് ആവശ്യങ്ങൾക്കായി സമയബന്ധിതമായി ഉപയോഗിക്കുന്നതിന് സാധ്യമാകാതെ വരുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി):

(എ) ആദിവാസി മേഖലയിൽ പട്ടികവർഗ്ഗക്ഷേമ പ്രവർത്തനത്തിനായി സംസ്ഥാന പദ്ധതികൾക്ക്, അനുവദിക്കുന്ന തുക ഏതെങ്കിലും കാരണത്താൽ വർഷാന്ത്യവേളയിൽ മുഴുവനായി ചെലവഴിക്കാൻ സാധിക്കാത്ത അവസ്ഥ ഉണ്ടെന്ന് കണ്ടാൽ അധിക തുക ആവശ്യമായി വരുന്ന പദ്ധതികൾക്ക് തുക വക മാറ്റി ചെലവഴിക്കാറുണ്ട്.

(ബി) പട്ടികവർഗ്ഗ ക്ഷേമകാര്യങ്ങൾക്ക് അനുവദിക്കുന്ന തുക അതാത് പദ്ധതികൾക്ക് തന്നെ കാര്യക്ഷമതയോടുകൂടി പദ്ധതി നിർവ്വഹണം നടത്തി മുഴുവൻ തുകയും ചെലവഴിക്കുന്നുണ്ട്. വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്. ചില സാങ്കേതിക

LIBRARY ARCHIVES Kerala Legislative Assembly

കാരണങ്ങളാൽ പൊതുമരാമത്ത് വകുപ്പിന് അനുവദിക്കുന്ന തുക മുഴുവൻ വർഷാവസാനം ചെലവഴിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകാറുണ്ട്.

(സി) പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന തുക അതാത് പദ്ധതികൾക്കുതന്നെ സമയബന്ധിതമായി ചെലവഴിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനായി വകുപ്പുദ്യോഗസ്ഥൻമാർ വകുപ്പുതല അവലോകന യോഗങ്ങൾ നടത്തി ജില്ലാതല നിയന്ത്രണോദ്യോഗസ്ഥർക്ക് കാര്യക്ഷമതയോടുകൂടി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ആവശ്യമായ നിർദ്ദേശം നൽകി പദ്ധതി പുരോഗതി കൈവരിക്കാറുണ്ട്.

റെയിൽവേ വികസനം

25 (*355) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എം. ഹംസ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേയുടെ പാതയിരട്ടിപ്പിക്കൽ, വൈദ്യുതീകരണ പദ്ധതികൾ എന്നിവയുടെ നിലവിലെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏതുവർഷം മുതലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ ഭാഗത്തു നിന്നുള്ള അവഗണന കാരണം പാതയിരട്ടിപ്പിക്കൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തെ റെയിൽവേ ലൈനിന്റെ ശേഷിയുടെ എത്ര ശതമാനമാണ് ഇപ്പോഴത്തെ ഗതാഗതനിരക്കെന്ന് വ്യക്തമാക്കാമോ;

(ഇ) സുഗമമായ ഗതാഗതത്തിന് പുതിയ തീവണ്ടികൾ അനുവദിക്കപ്പെട്ടിട്ടുണ്ടോ; അനുവദിച്ചാൽ ഇന്നത്തെ അവസ്ഥയിൽ സുഗമമായി സർവ്വീസ് നടത്താൻ സാധ്യമാകുമോ; വിശദാംശം വ്യക്തമാക്കാമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): (എ) പാത ഇരട്ടിപ്പിക്കൽ സംബന്ധിച്ച നിലവിലെ അവസ്ഥ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

* ചൈത്രയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly